7

# യേശുവിന്റെ സഭ: പദവി

നിങ്ങൾ സ്നാനമേൽക്കുമ്പോൾ കർത്താവു നിങ്ങളെ അവന്റെ സഭയോടു ചേർക്കും. പിന്നെ നിങ്ങൾ കർത്താവിന്റെ സഭയിൽ അംഗമായി പ്രവർത്തിക്കണം. ഇന്നു ധാരാളം സഭകൾ ഉള്ളതുകൊണ്ടു പലർക്കും കർത്താവിന്റെ സഭയെ തിരിച്ചറിയാൻ പ്രയാസം നേരിടുന്നു,[1] അടുത്ത ചില പാഠങ്ങളിൽ, പുതിയ നിയമ സഭയിലെ സവിശേഷതകൾ നാം പരിശോധിക്കുന്നതാണ്. ആ സ്വഭാവവിശേഷതകളുടെ അടിസ്ഥാനത്തിൽ വേണം എല്ലാ മതസംഘടനകളേയും വിലയിരുത്തുവാൻ.

ഓരോ ഗുണവിശേഷത്തെയും ആഴമായി – പഠിക്കുവാൻ സമയവും സ്ഥലവും നമ്മെ അനുവദിക്കുന്നില്ല. നിങ്ങൾക്കു ചോദ്യങ്ങൾ കാണും. അവ എഴുതി ഈ പഠന സഹായി നിങ്ങൾക്കു തന്നവരുമായി പങ്കിടുക. ഈ വിഷയങ്ങളിൽ ഏതിനെക്കുറിച്ചായാലും വിശദമായി പഠനം നടത്തുവാൻ അദ്ദേഹം സന്തോഷത്തോടെ തയ്യാറാകും.

നാം ആദ്യം പരിഗണിക്കുന്നതു വചനപ്രകാരം ഉള്ള പദവികളെയാണ്. സഭയെ മൊത്തത്തിൽ, എങ്ങനെയാണ് ബൈബിളിൽ വിവരിക്കുന്നതെന്നു നോക്കിയശേഷം സഭയിലെ വ്യക്തികളായ അംഗങ്ങളുടെ പദവിയെയും മനസിലാക്കാം.

**പദവി: പശ്ചാത്തലം**

പ്രത്യേക പദവികളെ, പരിഗണിക്കുന്നതിനു മുൻപ് പശ്ചാത്തലത്തെക്കുറിച്ച് ചുരുക്കം വാക്കുകൾ പറഞ്ഞുകൊള്ളട്ടെ. "പേരുകൾ" എന്നതിനു പകരം "പദവികൾ" എന്നാണ് ഞാൻ ഉപയോഗിച്ചിരിക്കുന്നതു എന്ന് ആദ്യം തന്നെ, ശ്രദ്ധിക്കുക. ഞാൻ അങ്ങനെ ചെയ്യാൻ കാരണം പുതിയനിയമത്തിൽ, സഭയ്ക്കു ശരിയായ ഒരു പേർ നല്കിയിട്ടില്ല.[2]

ഒരു "പേരും" "പദവിയും" തമ്മിലുള്ള വ്യത്യാസം എന്താണ്? നിങ്ങൾ എന്തിലെങ്കിലും ഇരുന്നുകൊണ്ടായിരിക്കും ഇതു വായിക്കുന്നത്. എന്റെ ചിത്രീകരണത്തിന്റെ ഉദ്ദേശത്തിനായി അതിനെ കസേര എന്നു വിളിക്കാം. നിങ്ങൾ അതിനെ "കസേര" എന്നോ "ഇരിപ്പിടം"

എന്നോ (അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും), പറയുമ്പോൾ ആ വസ്തു എന്താണെന്നു നിങ്ങൾ സൂചിപ്പിക്കുകയാണ് അതു വിവരിക്കുന്ന വാക്കാണ്; അതാണ് പദവി. അതിനെ നിങ്ങൾക്കു, "ജോർജ്," എന്നു വേണമെങ്കിൽ, വിളിക്കാം. ''ജോർജിന്റെ'' ''ജി'' വലിയ അക്ഷരമായിരിക്കും: അങ്ങനെ വരുമ്പോൾ "കസേരയുടെ ശരിയായ പേർ, ജോർജ്" എന്നായി തീരുന്നു.

എന്റെ ചിത്രീകരണം നിസ്സാരമാണെന്നതു വാസ്തവം. എന്നാൽ ഞാൻ ശ്രമിച്ചതു, പുതിയ നിയമത്തിൽ സഭയ്ക്കു പേരുകളല്ല, പിന്നെയോ പദവികളാണ് നല്കിയിട്ടുള്ളതു എന്നു കാണിക്കുവാനാണ് സഭയെ കുറിച്ചു പറഞ്ഞിരിക്കുന്ന വാക്കുകൾ എല്ലാം പറയുന്നതു സഭ എന്താണെന്നാണ്.

അതു വാസ്തവമായിരിക്കകൊണ്ടു, കർത്താവിന്റെ "സഭ"[3] യുടെ പദവിയെ, ഏതെങ്കിലും പറയുമ്പോൾ അതു ചെറിയ അക്ഷരമായ "സി" മാത്രമാണ് ഞാൻ പ്രയോഗിക്കുന്നത്. ഇതൊരു വിവാദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല,[4] എന്നാൽ ഊന്നിപറയാൻ ആഗ്രഹിക്കുന്നത് സഭയ്ക്കു പേരില്ല, പദവിയാണുള്ളത് എന്നത്രേ.

രണ്ടാമതു, ഒരു നിയമമായി, സഭയുടെ പദവികൾ ക്രിസ്തു വിന്നും പിതാവിന്നും മഹത്വം കൊടുക്കുന്നു. "യേശുവിന്റേത് എല്ലാ നാമത്തിലും മേലായ നാമമാണ്" (ഫിലിപ്പിയർ 2:9). നാമധേയ വിഭാഗങ്ങളുടെ പേരുകൾ പലപ്പോഴും അവരുടെ വിഭാഗം കണ്ടെത്തിയ ആളുടെ സവിശേഷതകളെയോ, ഉപദേശങ്ങളേയോ ഉയർത്തി കാണിക്കുന്നു. എന്നാൽ കർത്താവിനെ മാത്രമേ ഉയർത്താവു. "മറ്റൊരു ത്തനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (പ്രവൃത്തി 4:12).

### പദവി: മൊത്തത്തിൽ

ഇവയെല്ലാം മനസ്സിൽ സൂക്ഷിച്ചുകൊണ്ടു നമുക്കു ആദ്യം സഭയ്ക്കു മൊത്തത്തിൽ പറഞ്ഞിരിക്കുന്ന പദവികളെ നോക്കാം. പുതിയ നിയമത്തിൽ അധിക സമയവും "സഭയെ" വെറുതെ "സഭ" എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത് (പ്രവൃത്തി 5:11; 8:1, 3; 9:31; 11:22, 26). അതുകൊണ്ടു, എന്റെ ഉപദേശങ്ങളിലും എഴുത്തുകളിലും, സാധാരണ ഞാൻ സഭയെ സഭയെന്നു മാത്രം പറയും.

ചില സന്ദർഭങ്ങളിൽ, സഭയെ വിശദമാക്കുന്ന പദപ്രയോഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി, പൗലൊസ് സഭയെ "കർത്താവിന്റെ സഭ" എന്നു സൂചിപ്പിച്ചിട്ടുണ്ട് (പ്രവൃത്തി 20:28; എഎസ്‌വി).[5] എബ്രായർ 12:23-ൽ സഭയെ വിളിച്ചിരിക്കുന്നതു "ആദ്യജാതന്മാരുടെ സഭ [ones]"[6] എന്നാണ്. പലപ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന വിശേഷണ പദമാണ് "ദൈവത്തിന്റെ സഭ" എന്നത് (1 കൊരിന്ത്യർ 1:2; 15:9; 2 കൊരിന്ത്യർ

1:1; ഗലാത്യർ 1:13; 1 തിമൊഥെയൊസ് 3:15).

റോമർ 16:16-ൽ പൗലൊസ് തന്റെ മേഖലയിലെ അനേക ഇടവകകൾ മനസ്സിൽ കണ്ടുകൊണ്ട്, ''ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നു സൂചിപ്പിച്ചിട്ടുണ്ട്.[7] "ക്രിസ്തുവിന്റെ സഭകൾ" എന്നതു നാമധേയ പേരല്ല, മറിച്ച് വിശദീകരിക്കുന്ന പ്രയോഗമാണ്. ''ക്രിസ്തുവിന്റെ'' എന്നതിന്റെ അർത്ഥം ''ക്രിസ്തുവിന്നുള്ളത്''[8] എന്നത്രേ. ''ക്രിസ്തുവിന്റെ സഭകൾ'' എന്നാൽ "ക്രിസ്തുവിനുള്ള സഭകൾ" എന്നാണർത്ഥം "ക്രിസ്തുവിന്റെ സഭ" "ക്രിസ്തുവിന്റെ സഭകൾ" എന്നീ പ്രയോഗങ്ങൾ ഞാൻ നടത്തുമ്പോൾ "സഭ ക്രിസ്തുവിന്റേതു" "സഭകൾ ക്രിസ്തുവിന്റേതു" എന്നാണ് സൂചിപ്പിക്കുന്നത്.

### പദവി: വ്യക്തികൾക്ക്

സഭയിലെ അംഗങ്ങളെ ഏതു പദവിയിലാണ് അറിയപ്പെട്ടത്? വ്യക്തികളായ അംഗങ്ങളെ പല പദപ്രയോഗങ്ങളാൽ പുതിയ നിയമത്തിൽ അറിയപ്പെടുന്നു. ഇതാ അനവധി:

- "സഹോദരന്മാരും"[9] "സഹോദരിമാരും" (പ്രവൃത്തി 6:3; 9:30; റോമർ 16:1; യാക്കൊബ് 2:15) അധികവും സാധാരണയായി ഉപയോഗിച്ചിരി ക്കുന്നതു ഈ വാക്കാണ്. ഇതു ഒരു ഭവനവുമായ (ആത്മീയ കുടുംബം) ബന്ധത്തെ സൂചിപ്പിക്കുന്നു.
- "വിശുദ്ധന്മാർ" (റോമർ 1:7; 8:27; 12:13; 15:25) "വിശുദ്ധൻ" എന്ന തിനു "പാപമില്ലാത്തവൻ," എന്ന അർത്ഥമല്ല ഉള്ളത്. എന്നാൽ "വേർതിരിക്കപ്പെട്ടവൻ"[10] എന്നാണ്. സ്നാനപ്പെടുമ്പോൾ, ദൈവം അവരെ വേർതിരിച്ച് തന്റെ പ്രത്യേക ജനമാക്കി മാറ്റുന്നു (തിത്തൊസ് 2:14).
- "ശിഷ്യന്മാർ" (പ്രവൃത്തി 6:1, 2, 7; 9:1). അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ പലപ്പോഴും ക്രിസ്തുവിന്റെ അനുയായികളെ സൂചിപ്പിക്കുന്ന വാക്കാണിത്. ഈ വാക്ക് സൂചിപ്പിക്കുന്നത്, "പഠിക്കുന്നവൻ" "പിൻഗമിക്കുന്നവൻ" എന്നതാണ്.[11]

"ക്രിസ്ത്യാനി" എന്ന വാക്ക് കർത്താവിന്റെ സഭയിലെ അംഗങ്ങളായ വ്യക്തികൾക്കുള്ള സവിശേഷമായ പദവിയാണ്. നാം കണ്ട, മറ്റു പദവികളിൽ നിന്നു വ്യത്യസ്തമായി ഇതു ഒരു ശരിയായ പേരായി വേണമെങ്കിൽ കണക്കാക്കാം (ഒരു വാക്കിന്റെ തുടക്കത്തിൽ വലിയ "സി" വരുന്നതു ശ്രദ്ധിക്കുക). പുതിയ നിയമത്തിൽ കൂടുതലായി കാണാത്ത വാക്കാണിത്; എന്നാൽ ഉപയോഗിച്ചിരിക്കുന്നതു, പ്രാധാന്യത്തോടെയാണുതാനും. ലൂക്കോസ് പറഞ്ഞതു, ''ശിഷ്യന്മാർക്കു ആദ്യം അന്ത്യോക്യയിൽ വെച്ചു ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി" (പ്രവൃത്തി 11:26). അഗ്രിപ്പാ രാജാവിനോടു, പൗലൊസ് സംസാരിച്ച

ശേഷം, “രാജാവ് അവനോടു നീ എന്നെ അല്പം കൊണ്ടു ക്രിസ്ത്യാനിയാക്കുവാൻ ശ്രമിക്കുന്നു” (പ്രവൃത്തി 26:28). പത്രൊസ് എഴുതി, “ക്രിസ്ത്യാനിയായിട്ടു, കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്, ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു” (1 പത്രൊസ് 4:16).

പുതിയ നിയമത്തിൽ, ഒരു നിയമമായി, പദവികൾ യേശുവിനെയും ദൈവത്തെയും മഹത്വപ്പെടുത്തുന്നു എന്നു ഞാൻ മുൻപു സൂചിപ്പിച്ചുവല്ലൊ അതു ‘‘ക്രിസ്ത്യാനി’’: എന്ന വാക്കിലും വ്യക്തമാണ് “ക്രിസ്ത്യാനി” എന്നതിൽ “ക്രിസ്തു” എന്ന വാക്കാണ് മൂന്നിൽ – രണ്ടു ഭാഗവും.

“ക്രിസ്ത്യാനി” എന്ന വാക്ക് ഗ്രീക്കിനെ ഇംഗ്ലീഷിലാക്കി മലയാളത്തിൽ തർജ്ജിമ ചെയ്തിരിക്കുന്നതാണ്.[12] മൂലഭാഷയായ ഗ്രീക്കിൽ ‘‘ക്രിസ്തുവിനോടു ഉടമസ്ഥാവകാശം’’ സൂചിപ്പിക്കുന്നതാണ്. “ക്രിസ്ത്യാനി”എന്നതിന്റെ അക്ഷരിക അർത്ഥം ‘‘ക്രിസ്തുവിന്നുള്ളവൻ” എന്നാണ്.

**ക്രിസ്ത്യാനി = ക്രിസ്തുവിന്നുള്ളവൻ**

ഈ വാക്ക് *വ്യക്തികളെ* ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നതു. എന്നാൽ “ക്രിസ്തുവിന്റെ സഭ” എന്നതു *കൂട്ടായ* അർത്ഥത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്: “ക്രിസ്ത്യാനി” എന്നാൽ ക്രിസ്തുവിനുള്ള, വ്യക്തി എന്നർത്ഥം. “ക്രിസ്തുവിന്റെ സഭ” എന്നാൽ ക്രിസ്തുവിന്നുള്ള സഭ എന്നുമാണർത്ഥം.

മതപരമായി ഞാൻ, ആരാണ് എന്ന ചോദ്യത്തിനു ‘‘ഞാൻ ക്രിസ്ത്യാനി” എന്നുത്തരം നല്കും, എന്നാൽ ചിലപ്പോൾ ആളുകൾ എടുത്തു ചോദിക്കും: “ഏതു മത വിഭാഗത്തിലാണ്?” എന്ന്. അതിനു, ഞാൻ പറയും, “ഞാൻ ക്രിസ്തുവിനുള്ള സഭയിലെ അംഗമാണ്,” അല്ലെങ്കിൽ ‘‘ക്രിസ്തുവിന്റേതായ സഭയിൽ’’ ‘‘ക്രിസ്തുവിന്റെ സഭ”എന്ന്. എല്ലാ കാര്യങ്ങളിലും, ഞാൻ കർത്താവിനെ ആദരിക്കാൻ ആഗ്രഹിക്കുന്നു.

**ഉപസംഹാരം**

മനുഷ്യ നിർമ്മിത നാമങ്ങൾ സംഭാവന ചെയ്യുന്നതു മതപരമായ വിഭജനമാണ്. ഇതു ബൈബിൾ കാലഘട്ടത്തിലും ശരിയാണ്; ഇന്നും അതെ. പൗലൊസ് കൊരിന്ത്യ സഭയ്ക്കു, എഴുതിയപ്പോൾ അവിടെ പല കക്ഷി വഴക്കുകൾ കൊണ്ട് ഭിന്നിപ്പ് ആരംഭിച്ചിരുന്നു:

> സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരി

ക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണമെന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു, സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ പിണക്കം ഉണ്ടെന്നു ക്ലോവയുടെ ആളുകളാൽ എനിക്കു അറിവു കിട്ടിയിരിക്കുന്നു ... നിങ്ങളിൽ ഒരുത്തൻ, "ഞാൻ പൗലോസിന്റെ പക്ഷക്കാരൻ," "ഞാന് അപ്പൻലോസിന്റെ പക്ഷക്കാൻ,"[13] ഞാൻ "കേഫാവിന്റെ പക്ഷക്കാരൻ,"[14] "ഞാൻ ക്രിസ്തുവിന്റെ" എന്നിങ്ങനെ പറയുന്നു പോൽ (1 കൊരിന്ത്യർ 1:10–12).

"പൗലോസിന്റെ" "അപ്പൊല്ലൊസിന്റെ" എന്നതു അവകാശത്തെ സൂചിപ്പിക്കുന്നു - റോമർ 16:16–ൽ മുൻപു പറഞ്ഞതുപോലെ, അവ അക്ഷരാർത്ഥത്തിൽ "ഞാൻ പൗലോസിനുള്ളവൻ," ഞാൻ "അപ്പൊല്ലൊസിനുള്ളവൻ,'' എന്നു കാണിക്കുന്നു. ഇന്നു, നാം പറഞ്ഞേക്കാം, ''ഞാൻ പൗലൊസിനുള്ളവൻ'' അല്ലെങ്കിൽ ''അപ്പൊല്ലൊസിനുള്ളവൻ." ഇത്തരത്തിൽ ഭിന്നിപ്പുണ്ടാക്കിയവരെ പൗലൊസ് ലജ്ജിപ്പിച്ചുകൊണ്ട് ചോദിക്കുന്നു, "ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? അല്ല, പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ?" (1 കൊരിന്ത്യർ 1:13). മനുഷ്യന്റെ പാപങ്ങൾക്കുവേണ്ടിയാണ് യേശുക്രിസ്തു ക്രൂശിൽ തറെക്കപ്പെട്ടത് (1 കൊരിന്ത്യർ 1:23). വിശ്വാസികൾ സ്നാനപ്പെടുന്നതു ക്രിസ്തുവിന്റെ നാമത്തിലാണ് (പ്രവൃത്തി 2:38); അതുകൊണ്ട്, അവർ ക്രിസ്തുവിന്റെ നാമം മാത്രം ധരിക്കണം.

എന്നെ തെറ്റിധരിക്കരുത്: ശരിയായ പദവി അതിൽ തന്നെ മതിയായതല്ല. എന്റെ കാറിൽ എനിക്കു വേണമെങ്കിൽ ''മെഴ്സിഡെസ് ബേൻസ്" എന്നെഴുതാം. എങ്കിൽപോലും, ആ വാഹനം, മെഴ്സിഡെസ് ബേൻസ്[15] ആകുന്നില്ല വചനപ്രകാരമുള്ള പദവി പ്രാധാന്യമുള്ളതാണ്. ക്രിസ്തുവിന്റെ നാമത്തെ കുറിച്ചു പത്രൊസ് പറഞ്ഞതു, ഓർമ്മിക്കുക. "രക്ഷിക്കപ്പെടുവാൻ യേശുവിന്റെ നാമമല്ലാതെ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല". (പ്രവൃത്തി 4:12).അവൻ പിന്നീട് എഴുതി, ''ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടതു" (1 പത്രൊസ് 4:16).

---

കുറിപ്പുകൾ

[1]ഞാൻ ആളുകളുമായി പഠനം നടത്തുമ്പോൾ, "ബൈബിളിൽ ഒരു സഭ മാത്രമാണുള്ളതെങ്കിൽ മറ്റുള്ള സഭകളെല്ലാം എവിടെ നിന്നു വന്നു?" എന്നു പലപ്പോഴായി ആളുകൾ എന്നോടു ചോദിച്ചിട്ടുണ്ട്. അല്ലെങ്കിൽ "എന്തുകൊണ്ടാണ് ഇന്ന് ഇത്രയും

വിഭാഗങ്ങൾ ഉള്ളത്?" എന്നു ചോദിക്കും. പ്രവചിച്ചതുപോലെ, മനുഷ്യർ സത്യത്തിൽ നിന്നകന്നുപോയി എന്നതാണ് ഏറ്റവും ലളിതമായ ഉത്തരം (പ്രവൃത്തി 20:29, 30;1 തിമൊഥെയോസ് 4:1-3; 2 തിമൊഥെയൊസ് 4:1-4). [2]സർവ്വനാമം വലിയ അക്ഷരത്തോടു കൂടി ആരംഭിക്കണം എന്നാണ് നിയമം, അനുസരിച്ച്. [3]"സഭ" എന്ന വാക്ക് ഒരു പ്രവാചകനിൽ ആദ്യം ഉപയോഗിച്ചാലും തലവാചകമായി ഇതിൽ ഒഴിവു കഴിവുണ്ട്. (പാഠത്തിന്റെ തലവാചകം പോലെ). [4]ഞാൻ ഇതു ഒരു പ്രശ്നമാക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം പ്രാരംഭ പുതിയ നിയമകയ്യെഴുത്തുകളിൽ എല്ലാം ഒന്നുകിൽ (വലിയ അക്ഷരമാണ്) ഉപയോഗിച്ചിട്ടുള്ളത് അല്ലെങ്കിൽ എല്ലാം (ചെറിയ അക്ഷരത്തിൽ). [5]NASB പറഞ്ഞിട്ടുള്ളത് "ദൈവ സഭ" എന്നാണ് സന്ദർഭം പറയുന്നതു ഇതാണ് പുത്രനായ, ദൈവം. [6]ആരംഭ വേദ ഭാഗത്തിൽ, "ആദ്യദജാതൻ" എന്നതു ബഹുവചനമാണ്. അതിന്റെ അർത്ഥം "സഭയിൽ അടങ്ങുന്നതു ആദ്യജാതന്മാരാണ്" - അതായതു ക്രിസ്ത്യനികൾ. [7]റോമർ 16:16 തുടങ്ങുന്നതു, "വിശുദ്ധ ചുംബനം കൊണ്ടു അന്യോന്യം വന്ദനം ചെയ്യ്‌വിൻ" എന്നാണ്. അക്കാലത്തു പുരുഷന്മാർ പുരുഷന്മാരെ ചുംബനം ചെയ്തും സ്ത്രികൾ സ്ത്രികളെ ചുംബനം ചെയ്തുമാണ് വന്ദനം ചെയ്തിരുന്നതു. (ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഇന്നും അതു നടക്കുന്നുണ്ട്). ഇന്നു എല്ലാവരും ചുംബനം കൊണ്ട് തന്നെ വന്ദനം ചെയ്യണം എന്ന കല്പന ഇല്ല. ഊന്നൽ കൊടുത്തിരിക്കുന്നതു "വിശുദ്ധ": നിങ്ങൾ ഓരോരുത്തരെ ഊഷ്മളമായി, ചുബനം ചെയ്യുമ്പോൾ അർത്ഥവത്താക്കുന്നു എന്നതാണ്. എന്റെ നാട്ടിലാണ് എങ്കിൽ, ഞങ്ങൾ പറയും, "*ആത്മാർത്ഥ* മായി അന്യോന്യം കൈകൊടുത്തു വന്ദനം ചെയ്ക." [8]അപ്പൊസ്ട്രോ ഫിയോടൊപ്പം "S" എന്ന വാക്ക് ഗ്രീക്കുകാർ ഉപയോഗിച്ചിട്ടില്ല. (ഉദാഹരണമായി "Christ's") അതു അവകാശത്തെ സൂചിപ്പിക്കുന്നതാണ്. അവർ സാധാരണ സംബന്ധികാ വിഭക്തിയാണ് പകരം ഉപയോഗിക്കുന്നതു. അതു തർജ്ജിമ ചെയ്തിരിക്കുന്നതു "ഇതിന്റെ", "അതിന്റെ" എന്നാണ്. [9]"സഹോദരൻ" എന്നതിന്റെ ബഹുവചനം പുതിയ നിയമത്തിൽ "ബ്രദറൻ" എന്നാണ്. [10]"വിശുദ്ധൻ" എന്നതു അടിസ്ഥാന ഗ്രീക്കു വാക്കായ "സാങ്ങ്ടിഫൈഡ്" എന്നതിൽ നിന്നാണ്.

[11]"ഒരു ശിഷ്യൻ" എന്നതുകൊണ്ട് *ഏതെങ്കിലും* ഒരു നേതാവിനെ അനുഗമിക്കുന്നവൻ എന്നാണർത്ഥം സന്ദർഭമാണ് ഒരാൾ ക്രിസ്തുനെയാണോ അനുഗമിക്കുന്നതെന്നു വിലയിരുത്തുന്നത്. [12]"ആംഗ്ലിസൈഡ്സ്" എന്നു പറഞ്ഞാൽ ഗ്രീക്ക് വാക്ക് അങ്ങനെ തന്നെ ഇംഗ്ലീഷിലേക്കു മാറ്റിയതിനെ സൂചിപ്പിക്കുന്നു. [13]കൊരിന്തിൽ കുറെ നാൾ ഉപദേഷ്ടാവായി പ്രവർത്തിച്ച ആളായിരുന്നു അപ്പൊല്ലോസ് (അതു അഖായയിലായിരുന്നു) (പ്രവൃത്തി 18:27, 28 നോക്കുക). [14]അപ്പൊസ്തലനായിരുന്ന പത്രൊസിന്റെ മറ്റൊരു പേരായിരുന്നു കേഫാവ് (യോഹന്നാൻ 1:42). [15]മെഴ്സിഡെഡ് ബെൻസ് എന്ന കാർ വളരെ വില കൂടിയ ഒന്നാണ്.